"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ആലപ്പുഴ ജില്ലയിലെ നെടുമുടി കരുവാറ്റ റോഡിലെ മുതലക്കുറിശ്ശിക്കൽ പാലത്തിന്റെ നിർമ്മാണം (ബാലൻസ് പ്രവ്ൃത്തി)- M/s.ULCCS സമർപ്പിച്ച ടെണ്ടർ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

**പൊതുമരാമത്ത്(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.697/2024/PWD തിരുവനന്തപുരം, തീയതി,16-07-2024

പരാമർശം:-

1. 14.01.2015 തീയതിലെ സഉ(സാധാ)നം.68/2015/പൊമവ
2. 28.12.2019 തീയതിയിലെ DB/SEBRSC/1647/2015 നമ്പർ ഉത്തരവ്.
3. 08.08.2023 തീയതിയിലെ സഉ(സാധാ)നം.1089/2023/പൊമവ.
4. 04.05.2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/ഫിൻ.
5. പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയറുടെ 04.03.2024 തീയതിയിലെ CEPWD/10836/2022-AB2-BR നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തോട്ടപ്പള്ളി ലീഡിംഗ് കനാലിന് കുറുകെയുള്ള മുതലക്കുറിശ്ശിക്കൽ പാലത്തിന്റെ നിർമ്മാണത്തിനായി പരാമർശം (1) പ്രകാരം 2825 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. സെഗ്യൂറോ ഫൗണ്ടേഷൻസ് ആന്റ് സ്ട്രക്ചേർസ് എന്ന സ്ഥാപനവുമായി കരാർ ഉടമ്പടി വെച്ച് പ്രവ്ൃത്തി ആരംഭിക്കുകയും, പ്രവ്ൃത്തിയുടെ പുരോഗതിയിൽ ഗുരുതരമായ വീഴ്ച വരുത്തിയതിനെത്തുടർന്ന് പരാമർശം (2) പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവ്ൃത്തി റദ്ദ് ചെയ്തിരുന്നു. ബാലൻസ് പ്രവ്ൃത്തികൾ പൂർത്തീകരിക്കുന്നതിനായി പരാമർശം (3) പ്രകാരം 1200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു.

2) മുതലക്കുറിശ്ശിക്കൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ബാലൻസ് പ്രവൃത്തിയ്ക്കായി വിവിധ കാരണങ്ങളാൽ മൂന്ന് തവണ ടെണ്ടർ ക്ഷണിക്കേണ്ടതായി വന്നു. മൂന്നാമത്തെ ടെണ്ടറിൽ ULCCS ( Uralungal Labour Contract Co operative Society)എന്ന സ്ഥാപനം എസ്റ്റിമേറ്റ് പി എ സി തുകയായ 10,12,70,220/-രൂപയെക്കാൾ 43.38% വർദ്ധനവുള്ളതും, എൽ എം ആർ തുകയായ 11,69,74,069.53/- രൂപയെക്കാൾ 24.13% വർദ്ധനവുള്ളതും, DSOR+10% തുകയായ 111397242/-രൂപയെക്കാൾ 30.34% വർദ്ധനവുള്ളതുമായ തുകയായ 14,52,00,823/- രൂപയാണ് ക്വാട്ട് ചെയ്തിരുന്നത്. കരാറുകാരനുമായി നെഗോസിയേഷൻ നടത്തിയെങ്കിലും നിരക്കുകൾ കുറയ്ക്കുവാൻ കരാറുകാരൻ തയ്യാറായില്ലെന്നും ,പരാമർശം (4) പ്രകാരം ടെണ്ടർ അപ്രൂവൽ കമ്മിറ്റിയ്ക്ക് അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയ്ക്ക് പുറത്തുള്ള തുകയാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നതെന്നതിനാലും ടെണ്ടർ സർക്കാർ തലത്തിൽ അംഗീകരിക്കണമെന്നും ചീഫ് എഞ്ചിനീയർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

3) മേൽ സാഹചര്യത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ

ജില്ലയിലെ ഹരിപ്പാട് നിയോജക മണ്ഡലത്തിലെ മുതലക്കുറിശ്ശിക്കൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ബാലൻസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് മൂന്നാമത്തെ ടെണ്ടറിൽ ULCCS എന്ന സ്ഥാപനം ക്വാട്ട് ചെയ്തതും, എസ്റ്റിമേറ്റ് പി എ സി തുകയായ 10,12,70,220/-രൂപയെക്കാൾ 43.38% വർദ്ധനവുള്ളതും, എൽ എം ആർ തുകയായ 11,69,74,069.53/- രൂപയെക്കാൾ 24.13% വർദ്ധനവുള്ളതും, DSOR+10% തുകയായ 11,13,97,242/-രൂപയെക്കാൾ 30.34% വർദ്ധനവുള്ളതുമായ തുകയായ 14,52,00,823/-രൂപയുടെ ടെണ്ടർ; പരാമർശം (4) പ്രകാരം നിലവിലുള്ള മാനദണ്ഡമായ " The condition to allow maximum tender excess is at quoted rate/LMR or DSOR +10% whichever is less''എന്നതിൽ ഇളവ് വരുത്തി അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ചീഫ് എഞ്ചിനീയർ,പാലങ്ങൾ വിഭാഗം
ധനകാര്യ വകുപ്പ്( I&PW-B1/84/2024/fin പ്രകാരം)
പ്രിൻസിപ്പൽഅക്കൗണ്ടന്റ്ജനറൽ(ആഡിറ്റ്എ&ഇ), കേരള
പൊതുഭരണ(എസ് സി) വകുപ്പ്.(11/07/2024 ലെ Item Number 2261 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ(വെബ്&ന്യൂ മീഡിയ) ഐ&പി ആർ ഡി.
കരുതൽ ഫയൽ / D1/633/2023-PWD

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 17-07-2024 11:58:19
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.മുഖ്യമന്ത്രിയുടെ പി എസ്.ന്
പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി എസ്.ന്
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി എയ്ക്ക്